प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഒക്ടോബർ 9, 2018

# റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മഹാരാഷ്ട്ര, നാഗ്പൂരിലെ നവോദയ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡിൻറെ ലൈസൻസു റദ്ദാക്കി

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ.) 2018 ഒക്ടോബർ 4-ലെ ഉത്തരവിലൂടെ മഹാരാഷ്ട്ര, നാഗ്പൂരിലെ നവോദയ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡിൻറെ, ബാങ്കിംഗ് ബിസിനസ്സ് നടത്താനുള്ള ലൈസൻസ്, 2018 ഒക്ടോബർ 08 ബിസിനസ്സ് സമയം അവസാനിച്ച തുമുതൽ റദ്ദാക്കി. സഹകരണ കമ്മീഷ്ണറോടും മഹാരാഷ്ട്ര സഹകരണസംഘം രജിസ്ട്രാ റോടും, ഈ ബാങ്ക് അടച്ചുപൂട്ടാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനും, ബാങ്കിന് ഒരു ലികിഡേറ്ററെ നിയമിക്കാനും ആവശ്യ പ്പെട്ടിട്ടുണ്ട്.

താഴെപ്പറയുന്ന പശ്ചാത്തലത്തിലാണ് റിസർവ്ബാങ്ക് സഹകരണബാങ്കിൻറെ ലൈസൻസ് റദ്ദാക്കിയത്.

(i) ബാങ്കിന് മതിയായ മൂലധനമില്ല; വരുമാനം നേടാനുള്ള സാദ്ധ്യതകളും ഇല്ല. ആയതിനാൽ, ബാങ്ക്, 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 11(1), സെക്ഷൻ 22(3)(d), ഒപ്പം 56 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

(ii) 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 22(3) (a), 22 3(b), 22(3)(C), 22(3) (d), 22(3) (e) ഒപ്പം സെക്ഷൻ 56 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ബാങ്ക് പരാജയപ്പെട്ടു.

(iii) ബാങ്കിൻറെ തുടർന്നുള്ള പ്രവർത്തനം നിക്ഷേപകരുടെ താല്പര്യങ്ങളെ ദോഷകരമായി ബാധിക്കും.

(iv) ബാങ്കിൻറെ ഇപ്പോഴുള്ള സാമ്പത്തികനിലവച്ച്, നിക്ഷേപകരുടെ മുഴുവൻ തുകയും കൊടുക്കാൻ സാധിക്കില്ല.

(v) ബാങ്ക് തുടർന്നും അതിൻറെ പ്രവർത്തനം തുടർന്നാൽ, അത് പൊതുതാല്പര്യത്തെ പ്രതികൂലമായി ബാധിക്കും.

മഹാരാഷ്ട്ര, നാഗപൂരിലെ നവോദയ അർബൻ സഹകരണബാങ്ക് ലിമിറ്റഡിനെ ബാങ്കിൻറെ ലൈസൻസ് റദ്ദു ചെയ്തതിനെതുടർന്ന്, ഉടൻ പ്രാബല്യം വരത്തക്കവിധം 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 5(b) ഒപ്പം സെക്ഷൻ 56 എന്നീ വകുപ്പുകളിൽ നിർവചിച്ചിട്ടുള്ളതുപോലെയുള്ള, നിക്ഷേപങ്ങൾ സ്വീകരിക്കുകയും മടക്കി നൽകുകയു മുൾപ്പെടെയുള്ള ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുന്ന തിൽനിന്നും വിലക്കിയിരിക്കുന്നു.

ലൈസൻസ് റദ്ദാക്കപ്പെടുകയും, ലികിഡേഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തിരിക്കു ന്നതിനാൽ, മഹാരാഷ്ട്ര നാഗ്പൂരിലെ നവോദയ അർബൻ സഹകരണബാങ്ക് ലിമിറ്റഡിൻറെ നിക്ഷേപകർക്ക്, 1961-ലെ ഡിഐസിജിസി ആക്ട് (DICGC Act) അനുസരിച്ച് നിക്ഷേപങ്ങൾ മടക്കിനൽകാനുള്ള നടപടികൾ തുടങ്ങും. ലികിഡേഷനിലായ ബാങ്കിൻറെ ഓരോ നിക്ഷേപകനും, അവരുടെ നിക്ഷേ പങ്ങളിൽനിന്നും ഏറ്റവും ഉയർന്ന നിരക്കായ 1,00,000 (ഒരു ലക്ഷം) രൂപ മാത്രം, സാധാരണ വ്യവസ്ഥകളനുസരിച്ച് ഡിപ്പോസിറ്റ് ഇൻഷ്വറൻസ് ആൻറ് ക്രെഡിറ്റ് ഗാരൻറി കോർപ്പറേഷനിൻ (DICGC) നിന്നും ലഭിക്കാൻ അവകാശമുണ്ട്.

അജിത് പ്രസാദ്
അസിസ്റ്റൻറു അഡ്വൈസർ

പ്രസ്സ് റിലീസ് 2018-2019/823